# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-12/279/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 12/05/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
അസി.ഗ്രാമ വികസന കമ്മീഷണർ,ഇടുക്കി
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-12/279/22 തീയ്യതി: 12/05/2022

## ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-08-2019 മുതൽ 09-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി എം.വി. സിനി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 10-02-2022 | 18-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-02-2022 | 18-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സണ്ണി എം.യു, ഓഡിറ്റ് ഓഫീസർ
ശ്രീ. മെജോ കെ.ജോർജ്ജ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. എബി എബ്രാഹം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. വിഷ്ണു പി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ റജി പനച്ചിക്കൽ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| ശ്രീ കെ.ടി കുഞ്ഞ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ ഷൈമോൻ ജോസഫ് | സെക്രട്ടറി | 01-04-2020 | 10-01-2021 |
| ശ്രീ ഷാജി എസ്.കെ,ജോയിന്റ് ബിഡിഒ | സെക്രട്ടറി-**ഇൻ**-ചാർജ്ജ് | 11-01-2021 | 17-01-2021 |
| ശ്രീ ഷൈമോൻ ജോസഫ് | സെക്രട്ടറി | 18-01-2021 | 02-02-2021 |

| | | | |
|---|---|---|---|
| ശ്രീ ഷാജി എസ്.കെ,ജോയിന്റ് ബിഡിഒ | സെക്രട്ടറി-ഇന്‍-ചാര്‍ജ്ജ് | 03-02-2021 | 08-02-2021 |
| ശ്രീ കെ.യു ഷെറീഫ് | സെക്രട്ടറി | 09-02-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതല്‍)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.അനൂപ് കെ | മെഡിക്കൽ ഓഫീസർ ,താലൂക്ക് ഹോസ്പിറ്റൽ,നെടുംകണ്ടം | 01-04-2020 | 31-03-2021 |
| ഡോ.ജോബിൻ ജോസ് | മെഡിക്കൽ ഓഫീസർ സി.എച്ച്.സി രാജാക്കാട് | 01-04-2020 | 31-03-2021 |
| ഡോ. ബീന എം.എസ് | മെഡിക്കൽ ഓഫീസർ ,ഹോമിയോ ഹോസ്പിറ്റൽ ചോറ്റുപാറ | 01-04-2020 | 28-02-2021 |
| ശ്രീ അൽഹാഷ് എ | എസ്.സി ഡവലപ്പ്മെന്റ് ഓഫിസർ | 01-04-2020 | 31-03-2021 |
| ശീ വൈശാഖ് പി.എസ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫിസർ | 01-04-2020 | 31-03-2021 |
| ശ്രീ റജികുമാർ എ.സി | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 01-04-2020 | 17-08-2020 |
| ശ്രീമതി ജാൻസി ജോൺ | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 18-08-2020 | 26-02-2021 |
| ശ്രീ റജികുമാർ എ.സി | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 27-02-2021 | 31-03-2021 |
| ശ്രീമതി സിസിലി കുരുവിള | സി.ഡി.പി.ഒ | 01-04-2020 | 10-09-2020 |
| ശ്രീ ബിനു സി.ബി | സി.ഡി.പി.ഒ | 11-09-2020 | 01-12-2020 |
| ശ്രീമതി ഉഷ സ്റ്റീഫൻ | സി.ഡി.പി.ഒ | 02-12-2020 | 31-03-2021 |
| ശ്രീ കെ.പി വിജയൻ | അസി.എക്സി.എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ സുഗതൻ പി.ആർ | അസി. എൻജിനീയർ | 01-04-2020 | 23-06-2020 |
| ശ്രീ അബ്ദുൾ സമദ് പി.എസ് | അസി. എൻജിനീയർ | 24-06-2020 | 31-03-2021 |
| ശ്രീ. രഞ്ജിത്ത്‌രാജ് കെ. | എ.ഡി.എ. | 01-04-2020 | 31-12-2020 |
| ശ്രീ. നിതിൻകുമാർ എസ്. | എ.ഡി.എ.(ഇൻ-ചാർജ്ജ്) | 01-01-2021 | 31-03-2021 |
| ഡോ.അമ്പിളി കെ.എൻ | മെഡിക്കൽ ഓഫീസർ ,ഹോമിയോ ഹോസ്പിറ്റൽ ചോറ്റുപാറ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jomon Francis (Senior Grade Auditor, On 17-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Majo K George (Asst. Audit Officer, On 23-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-04-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Majo K George (Asst. Audit Officer, On 23-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-04-2022) | 1-3 |
| 4 | പട്ടികവർഗ്ഗ ഉപപദ്ധതി ചെലവ് 74.38 ശതമാനം മാത്രം - 3.56 ലക്ഷം ലാപ്സായി<br>Written By: Majo K George (Asst. Audit Officer, On 23-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-04-2022) | 1-3-1 |
| 5 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല -വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല<br>Written By: Majo K George (Asst. Audit Officer, On 23-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-04-2022) | 1-3-2 |
| 6 | പദ്ധതി അവലോകനം<br>Written By: M.U.Sunny (Audit Officer, On 19-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 12-05-2022) | 1-4 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jomon Francis (Senior Grade Auditor, On 23-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-04-2022) | 1-5 |
| 8 | ക്യാഷ് പരിശോധന<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-04-2022) | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: M.U.Sunny (Audit Officer, On 26-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-04-2022) | 1-7 |
| 10 | ട്രഷറി, ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തുന്നില്ല<br>Written By: VISHNU.P.K (Senior Grade Auditor, On 24-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-04-2022) | 1-8 |
| 11 | കെട്ടിട വാടക രജിസ്റ്റർ പരിശോധനയിൽ കണ്ട അപാകതകൾ<br>Written By: VISHNU.P.K (Senior Grade Auditor, On 19-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-04-2022) | 1-9 |
| 12 | ബാങ്കിലെ ഒടുക്ക് വിവരം സാംഖ്യയിൽ യഥാസമയം രേഖപ്പെടുത്തിയില്ല<br>Written By: VISHNU.P.K (Senior Grade Auditor, On 21-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-04-2022) | 1-10 |
| 13 | ജേണൽ എൻട്രികൾ സമയബന്ധിതമായി ചെയ്യുന്നില്ല<br>Written By: Majo K George (Asst. Audit Officer, On 24-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-04-2022) | 1-11 |
| 14 | വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Eby Abraham (Senior Grade Auditor, On 20-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-04-2022) | 1-12 |
| 15 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: Jomon Francis (Senior Grade Auditor, On 17-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-04-2022) | 1-13 |
| 16 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം - അപാകതകൾ<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 12-05-2022) | 1-14 |
| 17 | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് ഓഫിസ് നവീകരണം - എസ്റ്റിമേറ്റിനേക്കാൾ അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് പരിഗണിച്ചില്ല<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 12-05-2022) | 1-15 |
| 18 | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് ഓഫിസ് വനിത കാർഷിക വിപണന കേന്ദ്രം - എസ്റ്റിമേറ്റിനേക്കാൾ അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് പരിഗണിച്ചില്ല<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 05-05-2022) | 1-16 |
| 19 | കരങ്ങുപാറ ചെക്ക് ഡാം - കരാറുകാരന് ആകെ പ്രവൃത്തി മൂല്യത്തേക്കാൾ അധികം തുക | 1-17 |

| | | |
|---|---|---|
| | നൽകി<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 22-04-2022) | |
| 20 | മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Jomon Francis (Senior Grade Auditor, On 17-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 12-05-2022) | 1-18 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബ്ലോക്ക് പഞ്ചായത്ത് ഓഫിസ് നവീകരണം - അപാകതകൾ<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 12-05-2022) | 3-1 |
| 2 | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് ഓഫിസ് നവീകരണം - എസ്റ്റിമേറ്റിനേക്കാൾ അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് പരിഗണിച്ചില്ല<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 23-04-2022) | 3-2 |
| 3 | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് വനിത കാർഷിക വിപണന കേന്ദ്രം - എസ്റ്റിമേറ്റിനേക്കാൾ അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് പരിഗണിച്ചില്ല<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 23-04-2022) | 3-3 |
| 4 | കുരങ്ങുപാറ ചെക്ക് ഡാം - കരാറുകാരന് ആകെ പ്രവൃത്തി മൂല്യത്തേക്കാൾ അധികം തുക നൽകി<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 23-04-2022) | 3-4 |
| ഭാഗം **4** | | |
| 1 | വാർഷിക കണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 23-04-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾ<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 12-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 12-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 12-05-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: L.K.Sujatha (Computer Assistant, On 25-04-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 25-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 23-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 23-04-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 23-04-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 12-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.U.Sunny (Audit Officer, On 24-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 12-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.U.Sunny (Audit Officer, On 18-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 23-04-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

₹1,92,65,000/- മുന്നിരിപ്പും ₹60,37,53,000/- വരവും ₹62,18,24,330/- ചെലവും ₹1193670/- നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന 2020-21 വർഷത്തെ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 18.03.2020-ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 28.06.2021 | -- | -- |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 44575473 | 44575473 | 43647073 | 928400 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 10513907 | 10513907 | 9911307 | 602600 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1390000 | 1390000 | 1033881 | 356119 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 0 | 12659000 | 12659000 | 4611893 | 8047107 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 0 | 10619000 | 10619000 | 3128299 | 7490701 | |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 7844000 | 7844000 | 7844000 | 0 | |
| ടോട്ടൽ സാനിറ്റേഷൻ | 0 | 360000 | 360000 | 360000 | 0 | |

#### 1-3-1 പട്ടികവർഗ്ഗ ഉപപദ്ധതി ചെലവ് 74.38 ശതമാനം മാത്രം - 3.56 ലക്ഷം ലാപ്സായി

2020-21 സാമ്പത്തിക വർഷത്തെ പട്ടികവർഗ്ഗ ഉപപദ്ധതി ഗ്രാന്റ് വിഹിതമായ ₹13,90,000/-ൽ ₹10,33,881/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ 74.38 ശതമാനം മാത്രമാണ് പഞ്ചായത്തിന് ചെലവഴിക്കുവാൻ സാധിച്ചത്. സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാതിരുന്നതിനാൽ ₹3,56,119/- ലാപ്സായി.

#### 1-3-2 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല -വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ മുന്നിരിപ്പ്/വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ വ്യക്തമല്ല. ഒരേ ഏജൻസിയുടെ/സ്ഥാപനത്തിന്റെ പേരിൽ പല ശീർഷകങ്ങളിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ജേണൽ എൻട്രികൾ മുഖേന ഒരു ശീർഷകത്തിൽ നിന്നും വ്യക്തമായ വിവരണം രേഖപ്പെടുത്താതെ മറ്റ് ശീർഷകങ്ങളിലേയ്ക്ക് തുകകൾ ക്രമീകരിച്ചിട്ടുണ്ട്. ഫണ്ടുകളുടെ വരവ് രേഖപ്പെടുത്തുമ്പോൾ കൃത്യമായ വിവരണം നൽകിയിട്ടില്ലാത്തതിനാൽ ഫണ്ടിന്റെ ഉറവിടം, ഉദ്ദേശ്യം എന്നിവ വ്യക്തമല്ല. വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഹെഡ് | മുന്നിരിപ്പ് ₹ | വരവ് ₹ | ചെലവ്/ക്രമീകരിച്ചത് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|
| 320100110 | 6990625 | 0 | 0 | 6990625 |
| 320100111 | 9649684 | 0 | 0 | 9649684 |

| | | | | |
|---|---|---|---|---|
| 320100112 | 62716 | 0 | 0 | 62716 |
| 320100120 | 251648 | 0 | 251648 | 0 |
| 320100123 | 294460 | 0 | 294460 | 0 |
| 320300199 | 72714 | 0 | 0 | 72714 |
| 320400101 | 2394 | 55655 | 0 | 58049 |
| 160100799 | 0 | 3700000 | | |
| 160100699 | 0 | 50000 | | |

320100120, 320100123 ഹെഡുകളിൽ 31.03.2020-ൽ ഉണ്ടായിരുന്ന നീക്കിയിരിപ്പ് ക്രമീകരിച്ചതിന് ഉപോദ്ബലകമായ രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

### എ) പദ്ധതി നിർവ്വഹണം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 141 | 92715211 | 114 | 71496453 | 27 | 80.85 |

1) ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 52275514 | 44487073 | 85.10 |
| | പട്ടിക ജാതി വിഭാഗം | 11905885 | 9911307 | 83.25 |
| | പട്ടിക വർഗ്ഗ വിഭാഗം | 1048000 | 1033881 | 98.65 |
| | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 16590000 | 7740192 | 46.65 |
| തനത് ഫണ്ട് | | 670000 | 160000 | 23.88 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | | 9845812 | 7844000 | 79.67 |
| മറ്റിനം | | 60000 | 0 | 0.00 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 92715211 | 71496453 | 77.11 |
| ആകെ | | 92715211 | 71496453 | 80.85 |

2) വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം

ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 2 | 1851650 | 2 | 1841650 | 99.46 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 17 | 14961253 | 13 | 9801880 | 65.52 |
| പട്ടിക ജാതി വികസന ഓഫീസർ | 2 | 265000 | 2 | 220000 | 83.02 |
| മെഡിക്കൽ ഓഫീസർ - കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 13 | 5360000 | 13 | 4942023 | 92.20 |
| മെഡിക്കൽ ഓഫിസർ – ഹോമിയോ | 1 | 400000 | 1 | 400000 | 100 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 3 | 4062600 | 3 | 2412800 | 59.39 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 292428 | 1 | 292428 | 100 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 1240000 | 2 | 43000 | 3.47 |
| അസിസ്റ്റന്റ് എൻജിനീയർ | 92 | 48761592 | 72 | 36829536 | 75.5 |
| അസി. എക്സി. എഞ്ചിനിയർ | 7 | 13135688 | 7 | 12346136 | 93.98 |
| ആകെ | 141 | 92715211 | 114 | 71496453 | 80.85 |

1-5 തൊഴിലുറപ്പ് പദ്ധതി

-- ഇല്ല --

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.02.2022-ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

1-7 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല. ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ നടത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക പദ്ധതികളുടെ നിർവ്വഹണ കാലഘട്ടത്തിൽ കൃത്യമായ മോണിട്ടറിംഗ് സംവിധാനം ഒരുക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് യോഗങ്ങളുടെ മിനിട്സ് സമയബന്ധിതമായി സകർമ്മയിൽ ക്ലോസ് ചെയ്യുന്നില്ല.

1-8 ട്രഷറി, ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ നടത്തുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57-ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റുമെന്റുകളിലെ നീക്കിയിരിപ്പുമായി

പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ 2020 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2020-21 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-9 കെട്ടിട വാടക രജിസ്റ്റർ പരിശോധനയിൽ കണ്ട അപാകതകൾ

2020-21 വർഷത്തെ കെട്ടിട വാടക രജിസ്റ്റർ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡി.സി.ബി.-യുടെ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങൾ ഏത് പഞ്ചായത്ത് പരിധിയിലാണ്, അവയുടെ വാർഡ് നമ്പർ കെട്ടിട നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.

3. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിരിക്കുന്ന കാലയളവ്, എഗ്രിമെന്റ് പുതുക്കൽ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

4. കെട്ടിട വാടകയുടെ ഒടുക്ക് വിവരത്തിന്റെ രസീത് നമ്പർ, തീയതി, ഏത് കാലയളവിലേക്കാണ് വാടക ഒടുക്ക് വരുത്തിയിരിക്കുന്നത് എന്നിവ രജിസ്റ്ററിൽ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/16.02.2022) രജിസ്റ്റർ കൃത്യമാക്കി ഓഡിറ്റിന് ഹാജരാക്കാം എന്ന മറുപടി ആണ് ലഭ്യമാക്കിയിരിക്കുന്നത്. മേൽ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

1-10 ബാങ്കിലെ ഒടുക്ക് വിവരം സാംഖ്യയിൽ യഥാസമയം രേഖപ്പെടുത്തിയില്ല

നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിലെ 2020 നവംബർ 13-നും 2021 മാർച്ച് 20-നും ഇടയ്ക്കുള്ള വിവിധ വരവിനങ്ങളുടെ തുക ബാങ്കിൽ ഒടുക്ക് വരുത്തിയിട്ടുണ്ടെങ്കിലും ടി വിവരം സാംഖ്യയിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വരവ് വന്ന തുക/തീയതി | ബാങ്കിൽ തുക ഒടുക്കിയ തീയതി | സാംഖ്യയിൽ പേയ്മെന്റ് എന്റർ ചെയ്ത തീയതി |
|---|---|---|
| 8294/13.11.2020 | 16.11.2020 | 27.02.2022 |
| 41485/02.12.2020 | 03.12.2020 | 21.03.2021 |
| 714/03.12.2020 | 04.12.2020 | 21.03.2021 |
| 16800/22.02.2020 | 23.12.2020 | 21.03.2021 |
| 2030/23.12.2020 | 24.12.2020 | 21.03.2021 |

മേൽ കാലയളവിൽ വരവ് തുക ബാങ്കിൽ ഒടുക്കിയതിന്റെ വിവരം യഥാസമയം സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല. പേയ്മെന്റ് വിവരം യഥാസമയം ക്യാഷ്ബുക്കിൽ രേഖപ്പെടുത്താതെയിരുന്നതിന്റെയും ഇക്കാലയളവിൽ മാസാന്ത്യ ബാങ്ക് റിക്കൺസിലിയേഷൻ നടത്തി മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/16.02.2022) മറുപടി ലഭ്യമാക്കിയില്ല. സാംഖ്യയിൽ യഥാസമയം പേയ്മെന്റ് എൻട്രി വരുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-11 ജേണൽ എൻട്രികൾ സമയബന്ധിതമായി ചെയ്യുന്നില്ല

സാംഖ്യ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ

ചെയ്തിട്ടില്ല എന്ന് കാണുന്നു. വിവിധ വരുമാനങ്ങളുടെ ഡിമാന്റുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷാവസാനം പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കറന്റ് ഡിമാന്റിൽ നിന്നും മാറ്റി കുടിശ്ശിക ഡിമാന്റായി ജേണൽ എൻട്രി ചെയ്യേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ വിവിധ നികുതി വരുമാനങ്ങളുടെ 31.03.2020-ൽ പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കുടിശിക ഡിമാന്റിലേയ്ക്ക് ക്രമീകരിച്ചിട്ടുള്ളത് 2019 ജൂൺ മാസമാണ്. സാമ്പത്തിക വർഷം നിർണ്ണയിക്കുന്ന പുതിയ വരവുകൾ നിർണ്ണയിക്കുന്ന അവസരത്തിൽ തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. നിർണ്ണയിച്ച ജേണൽ എൻട്രി ചെയ്യാത്തതിനാൽ തൻവർഷത്തെ പുതിയ വരുമാനങ്ങളെല്ലാം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയില്ല. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻട്രികൾ നടത്തുന്നതിനും അസസ്സ് ചെയ്യുന്ന അവസരത്തിൽ തന്നെ ഡിമാന്റിൽ ചേർക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ചെലവുകൾ ബാദ്ധ്യതയാവുന്ന അവസരത്തിൽ തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്.

1-12 വാഹനത്തിന്റെ ലോഗ് ബുക്ക് സൂക്ഷിപ്പിലെ അപാകതകൾ

ലോഗ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നത് പൂർണ്ണമല്ല. യാത്ര ഉദ്ദേശ്യം എന്ന കോളത്തിൽ യാത്ര ചെയ്യുന്ന സ്ഥലങ്ങളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആരാണ് യാത്ര ചെയ്യുന്നത്, എവിടെയാണ് പോയത് എന്നതിന്റെ വിവരങ്ങൾ ഭൂരിഭാഗം ദിവസങ്ങളിലും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ മിക്ക ദിവസങ്ങളിലും ഓരോ ദിവസവും വാഹനം ഓടിയ ആകെ ദൂരം രേഖപ്പെടുത്തുന്ന കോളത്തിൽ തിരുത്തലുകൾ വരുത്തിയതായി കാണുന്നു. ലോഗ് ബുക്കിൽ തിരുത്തലുകൾ ഇല്ലാതെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

എസ്.സി. ഡെവലപ്പ്മെന്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 & 2020-21 വർഷങ്ങളിൽ നടപ്പാക്കിയ എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയിൽ ധനസഹായം കൈപ്പറ്റിയിട്ടും താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ധനസഹായം/തീയതി | |
|---|---|---|---|
| 1 | അക്ഷയ ഉണ്ണി, D/o അനിൽകുമാർ പി. കെ. | ₹50000/- 16.01.2019<br>₹50000/- 30.12.2019<br>₹50000/- 20.01.2020 | ₹150000 |
| 2 | കെസിയ സുമീസ്, D/0 സുമീസ് യു .എസ്. | ₹75000/- 08.01.2021<br>₹50000/- 15.09.2021 | ₹12500 |

ക്രമ നം.(1) പ്രകാരമുള്ള ഗുണഭോക്താവിന്റെ വീട് സന്ദർശിച്ചതിൽ പഠനമുറി ആസ്ബസ്റ്റോസ് ഇട്ട നിലയിലാണെന്നും നിരവധി തവണ ഗുണഭോക്താവിനെ ഫോണിൽ ബന്ധപ്പെട്ട് നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലായെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം വ്യക്തമാക്കി.

ക്രമ നം.(2) പ്രകാരമുള്ള ഗുണഭോക്താവിന്റെ വീട് സന്ദർശിച്ചതിൽ പഠനമുറി നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും വാല്യുവേഷൻ ഹാജരാക്കുന്ന മുറയ്ക്ക് അവസാന ഗഡു തുക നല്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

ധനസഹായം നൽകിയിട്ടും നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് നിർമ്മാണം പൂർത്തിയാക്കുന്നതിന്

രേഖാമൂലം കത്ത് നല്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കാത്ത പക്ഷം അനുവദിച്ച ധനസഹായം തിരികെ ഈടാക്കേണ്ടതാണ്.

1-14 ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം - അപാകതകൾ

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് വേണ്ടി അടിയന്തിരമായി പൂർത്തിയാക്കേണ്ടതുകൊണ്ടും ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണ പ്രവൃത്തികൾ പൂർണ്ണമായും മരാമത്ത് പണികൾ അല്ലാത്തതുകൊണ്ടും പ്രസ്തുത നവീകരണ പ്രവൃത്തികൾ ടെണ്ടർ നടപടികൾ കൂടാതെ അക്രെഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ച് പൂർത്തീകരിക്കുന്നതിന് 07.08.2019-ലെ 2(6) നമ്പർ അജണ്ട പ്രകാരം ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്തിരുന്നു. നിർമ്മിതി കേന്ദ്രം മുഖേന 2019-20 & 2020-21 വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | പ്രോജക്ട് നം. | പദ്ധതി അടങ്കൽ | അളവ് ബുക്ക് | പദ്ധതി ചെലവ് | |
|---|---|---|---|---|---|
| | | | | ബിൽ നം./തീയതി | തുക(₹) |
| ബ്ലോക്ക് പഞ്ചായത്ത് നവീകരണം | 161/21 | ₹1900000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 12010& 12011 | 20100463008400829127/ 15.12.2020<br>20100463008400912595/ 08.01.2021 | 556766<br>1342880 |
| ബ്ലോക്ക് പഞ്ചായത്ത് മെയിന്റനൻസ് | 160/21 | ₹1652927/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 12009, 12009A & 12008 | 20100463008400913740/ 08.01.2021 | 1142041 |
| നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്ത് ഓഫിസ് ഫർണീഷിംഗ് | 125/21 | ₹1500000/- (വി. ഫണ്ട് ജനറൽ) | 325/19 | 19100463008401368531/ 28.02.2020 | 1478398 |
| ബ്ലോക്ക് പഞ്ചായത്ത് ഓഫിസ് നവീകരണം | 123/21 | ₹1500000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 12004 | 19100463008401368519/ 28.02.2020 | 1483948 |

നിർമ്മിതി കേന്ദ്രം മുഖേന നടപ്പാക്കിയ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണ പ്രവൃത്തികളിൽ കണ്ടെത്തിയിട്ടുള്ള അപാകതകൾ താഴെ കൊടുക്കുന്നു.

1) കരാറുകാരന്റെ ലാഭ വിഹിതം, ഓവർഹെഡ് ചാർജ്ജ് എന്നിവയുൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി

ടെണ്ടർ നടപടികൾ കൂടാതെ അക്രെഡിറ്റഡ് ഏജൻസി വഴി നടപ്പാക്കുന്ന പ്രവൃത്തികളിൽ കരാറുകാരന്റെ ലാഭം ഉൾപ്പെടുത്തുവാൻ പാടില്ലെന്ന് 30.07.2014-ലെ ജി.ഒ(പി)311/74/Fin. പ്രകാരമുള്ള അക്രെഡിറ്റഡ് ഏജൻസി മാർഗ്ഗ രേഖ ഖണ്ഡിക 7-ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാറുകാരന്റെ ലാഭവിഹിതവും ഓവർഹെഡ് ചാർജ്ജും ഉൾപ്പെടുത്തി DSOR 2016 പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടിയിട്ടുള്ളത്. കരാറുകാരന്റെ ലാഭ വിഹിതം ഉൾപ്പെടുത്തിയത് വഴി അധികം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി | കരാറുകാരന്റെ | കരാറുകാരന്റെ ലാഭ വിഹിതം | അധികം |
|---|---|---|---|

| | ലാഭവിഹിതം ഉൾപ്പെടെയുള്ള ആകെ പ്രവൃത്തി മൂല്യം (₹) | ഒഴിവാക്കി അനുവദനീയമായ തുക (₹) | നൽകിയ തുക (₹) |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് നവീകരണം(161/21) | 1661109 | 1444443 (1661109/1.15) | 216666 |
| ബ്ലോക്ക് പഞ്ചായത്ത് മെയിന്റനൻസ്(160/21) | 1096035 | 953074 (1096035/1.15) | 142961 |
| നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ഫർണീഷിംഗ് (125/21) | 1292758 | 1124137 (1292758/1.15) | 168621 |
| ബ്ലോക്ക് പഞ്ചായത്ത് ഓഫിസ് നവീകരണം (123/21) | 1297611 | 1128357 | 169254 |
| | ആകെ | | 697502 |

കരാറുകാരന്റെ ലാഭവിഹിതമിനത്തിൽ അധികം നൽകിയ ₹6,97,502/- നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രത്തിൽ നിന്നോ ഉത്തരവാദിയായ അസി. എക്സി. എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

2) 2.12% ജി.എസ്.ടി നഷ്ട പരിഹാര തുക അനുവദിച്ചു

അക്രെഡിറ്റഡ് ഏജൻസികൾ വഴി നടപ്പാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ നിയമ പ്രകാരമുള്ള നികുതികൾ ഉൾപ്പെടുത്താമെങ്കിലും നികുതി തുകകൾ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. നിർമ്മിതി കേന്ദ്രയെ നേരിട്ട് നിർവ്വഹണ ചുമതല ഏൽപ്പിച്ചിരുന്ന നവീകരണ പ്രവൃത്തികൾ പ്രസ്തുത ഏജൻസി പ്രൈവറ്റ് കരാറുകാരൻ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. ജി.എസ്.ടി. നഷ്ട പരിഹാരമിനത്തിൽ വകയിരുത്തിയിട്ടുള്ള തുക സർക്കാരിലേക്ക് ഒടുക്കുന്നതിന് പകരം കരാറുകാരന് നൽകിയിരിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി | ആകെ പ്രവൃത്തി മൂല്യം (₹) | 12% ജി.എസ്.ടി നഷ്ട പരിഹാരമിനത്തിൽ കരാറുകാരന് നൽകിയ തുക ₹ | 2% TDS ഇനത്തിൽ കുറവ് ചെയ്ത തുക ₹ |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് നവീകരണം (161/21) | 1661109 | 199333 | 33222 |
| ബ്ലോക്ക് പഞ്ചായത്ത് മെയിന്റനൻസ് (160/21) | 1096035 | 173164 (ഫർണീച്ചറുകൾ വാങ്ങിയ ഇനത്തിലുള്ള ₹317000/- കൂടി ആകെ പ്രവൃത്തി മൂല്യത്തിലുൾപ്പെടുത്തി തുക അനുവദിച്ചു. ₹317000/- കുറവ് ചെയ്ത തുകയാണ് പ്രവൃത്തി മൂല്യമായി കണക്കാക്കിയിരിക്കുന്നത്) | 21921 |
| നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്ത് ഓഫിസ് ഫർണീഷിംഗ് (125/21) | 1292758 | 155131 | 25855 |
| ബ്ലോക്ക് പഞ്ചായത്ത് | 1297611 | 155714 | 25952 |

| | | | |
|---|---|---|---|
| ഓഫിസ് നവീകരണം (123/21) | | | |
| | ആകെ | 683342 | 106950 |

ജി.എസ്.ടി നഷ്ട പരിഹാരമിനത്തിൽ കരാറുകാരന് നൽകിയ ₹6,83,342/-യിൽ നിന്ന് ടി.ഡി.എസ്. ഇനത്തിൽ സർക്കാരിലേക്ക് ഒടുക്കിയ ₹106950/- കിഴിച്ച് അവശേഷിക്കുന്ന ₹576392/- സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ₹576392/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. ടെണ്ടർ നടപടികൾ കൂടാതെ നിർമ്മിതി കേന്ദ്രം വഴി ഫർണിച്ചറുകൾ വാങ്ങി

ബ്ലോക്ക് പഞ്ചായത്ത് മെയിന്റനൻസ് (160/21) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ₹3,08,500/-യുടെ ഫർണിച്ചറുകൾ വാങ്ങുന്നതിനുള്ള തുകയും ഉൾപ്പെടുത്തിയിരുന്നു. ടെണ്ടർ നടപടികൾ സ്വീകരിച്ച് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ഫർണിച്ചറുകൾ വാങ്ങേണ്ടതായിരുന്നെങ്കിലും നിർമ്മിതി കേന്ദ്രമാണ് ബ്ലോക്ക് പഞ്ചായത്തിലേക്കാവശ്യമായ ഫർണിച്ചറുകൾ വാങ്ങിയിട്ടുള്ളത്. ടെണ്ടർ/ക്വട്ടേഷൻ നടപടികളൊന്നും സ്വീകരിക്കാതെ നിർമ്മിതി കേന്ദ്രം കട്ടപ്പനയിലുള്ള ജെ. കെ. എക്സ്പോർട്ടേഴ്സ് & ഇംപോർട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ടാണ് ഫർണീച്ചറുകൾ വാങ്ങിയിട്ടുള്ളത്. ഫർണീച്ചറുകൾ വാങ്ങിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫർണീച്ചർ ഇനം | എണ്ണം | തുക(₹) |
|---|---|---|
| Office Chair Bosq Tqn 101 | 13 | 123500 |
| Office Chair Ayt 201 Bosq | 16 | 112000 |
| Office Chair 6605 | 2 | 48000 |
| Chair Supreme Ladder | 21 | 33600 |
| | ആകെ | 317000 |

സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ ലംഘിച്ച് വാങ്ങൽ നടത്തിയതിനാൽ ₹3,17,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

4. ഫർണീച്ചറുകൾ വാങ്ങിയ ഇനത്തിലുള്ള ചെലവ് കൂടി ആകെ പ്രവൃത്തി മൂല്യത്തിലുൾപ്പെടുത്തി ജി.എസ്.ടി. നഷ്ട പരിഹാര തുക നൽകി

നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് മെയിന്റനൻസ് (പ്രോജക്ട് 160/21) എന്ന പദ്ധതിയുടെ അളവ് പ്രകാരമുള്ള ആകെ പ്രവൃത്തി മൂല്യം ₹14,13,035/-യാണ്. എന്നാൽ ഇതിൽ ₹3,17,000/- ബ്ലോക്ക് പഞ്ചായത്തിലേക്ക് ഫർണീച്ചറുകൾ വാങ്ങിയ ഇനത്തിലുള്ള ചെലവാണ്. പ്രസ്തുത ചെലവ് ഒഴിവാക്കിയുള്ള ആകെ പ്രവൃത്തി മൂല്യം ₹10,96,035/-യാണ്. ₹1,31,524/-യായിരുന്നു (109635x12%)12% ജി.എസ്.ടി നഷ്ടപരിഹാര കണക്കാക്കേണ്ടിയിരുന്നതെങ്കിലും കരാറുകാരന് അനുവദിച്ചിരിക്കുന്നത് ₹1,73,164/-യാണ്(1443035x12%). ജി.എസ്.ടി. നഷ്ട പരിഹാര തുകയായി കരാറുകാരന് അധികം നൽകിയ ₹79,831/- തിരികെ ഈടാക്കേണ്ടതാണ്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.4/17.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-15 നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് ഓഫിസ് നവീകരണം - എസ്റ്റിമേറ്റിനേക്കാൾ അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് പരിഗണിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 75/19, 97/20,& 130/21 |

| | |
|---|---|
| പദ്ധതി അടങ്കൽ | ₹20,00,000/-<br>(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| കരാറുകാരൻ | ശ്രീ. ജോസഫ് വർക്കി |
| അളവ് ബുക്ക് | 406/18 |
| കരാർ നം. | 45/AEE/18-19/NDKM/05.12.2018 |
| ബിൽ നം./തീയതി & തുക | |

നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നത് ഏറ്റവും കുറഞ്ഞ തുകയായ ₹18,38,550/- (എസ്റ്റിമേറ്റ് നിരക്കിന്റെ 91.93%) ക്വോട്ട് ചെയ്ത ശ്രീ. ജോസഫ് വർക്കി എന്ന കരാറുകാരനായിരുന്നു. ഓരോ പ്രവൃത്തി ഇനങ്ങൾക്കും പ്രത്യേകം നിരക്കുകളാണ് കരാറുകാരൻ ക്വോട്ട് ചെയ്തിരുന്നത്. `Providing & Fixing 12mm Thick Frameless Toughened Glass Door Shutter Of Approved Brand And Manufacture Including Providing & Fixing Top & Bottom Pivot & Spring Type Fixing Arrangement` എന്നതായിരുന്ന പ്രവൃത്തി ഇനം 9 ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. 91.10m2 പ്രവൃത്തിക്ക് ₹7139.11/m2 നിരക്കിൽ ₹6,50,373/-യായിരുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള ചെലവ് തുകയായി കണക്കാക്കിയിരുന്നത്. പ്രസ്തുത പ്രവൃത്തിക്ക് കരാറുകാരൻ ക്വോട്ട് ചെയ്തിട്ടുള്ള നിരക്ക് ₹7,018/m2(98.31%)ആണ്. പഞ്ചായത്ത് കമ്മിറ്റിയുടെ 19.12.2019-ലെ 12/4 നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് പുതുക്കുകയും `Providing&fixing 12mm Thick Frameless Toughened Glass Door Shutter Of Approved Brand And Manufacture Including Providing & Fixing Top & Bottom Pivot & Spring Type Fixing Arrangement` എന്ന പ്രവൃത്തിയുടെ അളവ് 91.10m2-ൽ നിന്നും 165.94m2 ആയി വർദ്ധിപ്പിക്കുകയും അതോടൊപ്പം കരാറുകാരൻ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്ന പ്രവൃത്തി ഇനങ്ങൾ ഒഴിവാക്കുകയും ചെയ്തു. 09.08.2017-ലെ ജി.ഒ.(പി) നം.3/2017/പി.ഡബ്ല്യൂ.ഡി. മാർഗ്ഗനിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് അളവിന്റെ 25% അധികമുള്ള പ്രവൃത്തി കൂടി മാത്രമാണ് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിൽ ചെയ്യുവാൻ അനുവാദമുള്ളത്. എസ്റ്റിമേറ്റ് അളവിന്റെ 25%ലും അധികമായി ചെയ്ത പ്രവൃത്തി എക്സ്ട്രാ ഇനമായി പരിഗണിക്കുകയും ആകെയുള്ള ടെണ്ടർ കിഴിവിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിക്കുകയും ചെയ്യേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തിയിൽ 91.10m2-ന് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കായ ₹7,018/m2 നിരക്കിലും അധികമായി ചെയ്ത 74.839m2-ന് ₹6,563/m2 നിരക്കിലുമാണ് തുക അനുവദിക്കേണ്ടിയിരുന്നത് (എസ്റ്റിമേറ്റ് നിരക്കായ ₹7,139.11-യുടെ 91.93%). എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ മൊത്തം അളവിനും (165.94m2) ₹7,018/m2 നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത്. കരാറുകാരന് അധികമായി നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | അളവ് | നിരക്ക് | തുക(₹) |
|---|---|---|---|
| കരാറുകാരന് അനുവദിക്കാവുന്ന തുക | 91.101m2 | 7018/m2 | 639347 |
| | 74.839m2 | 6563/m2 | 491168 |
| ആകെ | | | 1130515 |
| കരാറുകാരന് നൽകിയ തുക | 165.94m2 | 7018/m2 | 1164567 |

കരാറുകാരന് അധികം നൽകിയ ₹34052/-(1164567-1130515) ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ കരാറുകാരനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.കരാറുകാരന് അധികം തുക നൽകിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം. 2/16.02.2022) ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-16 നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് ഓഫിസ് വനിത കാർഷിക വിപണന കേന്ദ്രം - എസ്റ്റിമേറ്റിനേക്കാൾ അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് പരിഗണിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 149/21 |
| പദ്ധതി അടങ്കൽ | ₹35,00,000/- (വികസന ഫണ്ട്) |
| കരാറുകാരൻ | ശ്രീ. ബി. ശശിധരൻ നായർ |
| അളവ് ബുക്ക് | 50/2020-21 & 385/2020-21 |
| കരാർ നം. | 05/T/AEE/LSGD/NDKM/07.02.2020 |
| ബിൽ നം./തീയതി & തുക | 20100463008400481450/27.08.2020, ₹15,02,331/-<br>20100463008401385003/26.03.2021, ₹15,38,559/- |

നെടുങ്കണ്ടം ബ്ലോക്ക് വനിത കാർഷിക വിപണന കേന്ദ്രം എന്ന പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നത് ഏറ്റവും കുറഞ്ഞ തുകയായ ₹27,15,080/- (എസ്റ്റിമേറ്റ് തുകയുടെ 86.88%) ക്വോട്ട് ചെയ്ത ശ്രീ. ബി. ശശിധരൻ നായർ എന്ന കരാറുകാരനായിരുന്നു. ഓരോ പ്രവൃത്തി ഇനങ്ങൾക്കും പ്രത്യേകം നിരക്കുകളാണ് കരാറുകാരൻ ക്വോട്ട് ചെയ്തിരുന്നത്. പഞ്ചായത്ത് കമ്മിറ്റിയുടെ 16.09.2020-ലെ 1(2) നമ്പർ തീരുമാന പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ കരാറുകാരൻ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്ന മിക്ക പ്രവൃത്തി ഇനങ്ങൾ ഒഴിവാക്കുകയും കരാറുകാരൻ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്തിരുന്ന പ്രവൃത്തി ഇനങ്ങളുടെ അളവുകളിൽ ഗണ്യമായ വർദ്ധനവുകൾ വരുത്തുകയും ചെയ്തു. 09.08.2017-ലെ ജി.ഒ.(പി) നം.3/2017/പി.ഡബ്ല്യൂ.ഡി. മാർഗ്ഗനിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് അളവിന്റെ 25% അധികമുള്ള പ്രവൃത്തി കൂടി മാത്രമാണ് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിൽ ചെയ്യുവാൻ അനുവാദമുള്ളത്. എസ്റ്റിമേറ്റ് അളവിലും 25%ലും അധികമുള്ള പ്രവൃത്തി എക്സ്ട്രാ ഇനമായി പരിഗണിക്കുകയും ആകെയുള്ള ടെണ്ടർ കിഴിവിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിക്കുകയും ചെയ്യേണ്ടതാണ്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കുമ്പോൾ ആകെയുള്ള ടെണ്ടർ കുറവിന്റെ (13.12% കുറവ്) അടിസ്ഥാനത്തിലാണ് കരാറുകാരന് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ കരാറുകാരൻ ക്വോട്ട് ചെയ്ത തുകയെ അടിസ്ഥാനമാക്കി (എസ്റ്റിമേറ്റ് നിരക്ക്) അധികമായി ചെയ്തതുൾപ്പെടെയുള്ള മുഴുവൻ അളവിനും തുക അനുവദിച്ചിരിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാറുകാരന് അനുവദിച്ച തുക (₹) | | | കരാറുകാരന് നൽകാവുന്ന തുക (₹) | | |
|---|---|---|---|---|---|---|
| | അളവ് | നിരക്ക് | തുക | അളവ് | നിരക്ക് | തുക |
| 4.1.8 Providing&laying In Position Cement Concrete Of Specified Grade (1:4:8) | 18.077m3 | 6659/m3 | 120375 | 11.39m3 | 6659/m3 | 75854 |
| | | | | 6.687m3 | 5786/m3 | 38691 |
| | | | | | ആകെ | 114545 |
| 5.2.2 Reinforced Cement Concrete Work In Walls (1:1.5:3) | 38.965m3 | 10626/m3 | 414042 | 24.936m3 | 10626/m3 | 264973 |
| | | | | 14.029m3 | 9232/m3 | 129516 |
| | | | 414042 | ആകെ | | 394489 |
| 5.9.6 Centering&shuttering Including Strutting Etc. And Removal Of Form For Column,pillars Etc. | 417.369m2 | 695/m2 | 290071 | 308.58m2 | 695/m2 | 214463 |
| | | | | 108-789m2 | 604.45/m2 | 65758 |

| | | | | | | |
|---|---|---|---|---|---|---|
| | | | 290071 | ആകെ | | 280221 |
| | | ആകെ | 824488 | | | 789255 |

കരാറുകാരന് ₹35,233/- (824488-769255) അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.1/16.02.2022) നഷ്ടമായി കണക്കാക്കിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാറുകാരന് അധികം നൽകിയ ₹35,233/-ഉം 12% ജി.എസ്.ടി. നഷ്ട പരിഹാര തുകയായ ₹4,228/-ഉം ഉൾപ്പെടെ ₹39,461/- ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നോ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

1-17 കുരങ്ങുപാറ ചെക്ക് ഡാം - കരാറുകാരന് ആകെ പ്രവൃത്തി മൂല്യത്തേക്കാൾ അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നം | 121/21 |
| പദ്ധതി അടങ്കൽ | ₹15,00,000/-(വി.ഫ) |
| കരാറുകാരൻ | പ്രൈം കൺസ്ട്രക്ഷൻ & കോൺട്രാക്ടിംഗ് |
| എസ്റ്റിമേറ്റ് തുക | ₹13,39,361/- |
| കരാർ നം. | 26/AEE/LSGD/NDKM/19-20 Dt. 19.09.2019 |
| അളവ് ബുക്ക് | 361/2019-20 |
| ബിൽ നം./തീയതി & തുക | 19100463008401490354/13.03.2020, ₹14,97,579/- |

കുരങ്ങുപാറ ചെക്ക് ഡാം എന്ന പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നത് ₹13,37,124/- ക്വോട്ട് ചെയ്തിരുന്ന പ്രൈം കൺസ്ട്രക്ഷൻ & കോൺട്രാക്ടിംഗ് എന്ന സ്ഥാപനമായിരുന്നു. അളവ് ബുക്ക് പ്രകാരം നടപ്പാക്കിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തി ഇനം | ചെയ്ത പ്രവൃത്തിയുടെ അളവ് | നിരക്ക് | തുക(₹) |
|---|---|---|---|
| 2.6.1 E/W Excavation | 166.992 M3 | 187.3/m3 | 13514.26 |
| 4.1.3 Providing&laying In Position Cement Concrete | 9.25m3 | 8152.21/m3 | 75407.94 |
| 60.5.2 Dowel Bars | 30 Nos | 373.04/no | 11191.20 |
| 60.7.2 DR Packing Under Foundation | 56.148m3 | 2198.23/m3 | 123426.22 |
| 60.2.2 Bailing Out Water | 170 Hour | 260/hr | 44200 |
| 1.12.5.11 Plain Reinforced Cement Concrete | 113.53m3 | 8220.18/m3 | 933237.04 |
| 2.12.7 Supplying And Fixing And Placing TMT Bars | 0.61 Tonne | 77332.01/t | 47172.53 |
| 5.9.1 Cenering&shuttering | 126.69m2 | 562.11/m2 | 71213.72 |
| | | ആകെ | 1319362.96 |

കരാറുകാരൻ ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം ₹13,19,363/-യാണെങ്കിലും ആകെ പ്രവൃത്തി മൂല്യം എസ്റ്റിമേറ്റ് തുകയായ ₹13,37,124/-ആയി പരിഗണിച്ചാണ് കരാറുകാരന് അന്തിമ ബിൽ തയ്യാറാക്കിയിട്ടുള്ളത്. അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അന്തിമ ബിൽ പ്രകാരം പിൻ വലിച്ച തുക | പദ്ധതി ചെലവിനത്തിൽ പിൻവലിക്കാവുന്ന തുക |
|---|---|

| ₹ | | ₹ | |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 1337124 | ആകെ പ്രവൃത്തി മൂല്യം | 1319363 |
| (+) 12% GST | 160455 | (+)12% GST | 158324 |
| ആകെ | 1497579 | ആകെ | 1477686 |

പദ്ധതി ചെലവിനത്തിൽ ₹19,893/- (1497579-1477686) അധികം പിൻവലിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.3/16.02.2022) നഷ്ടമായി കണക്കാക്കിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാറുകാരന് അധികം നൽകിയ ₹19,893/- ഉത്തരവാദിയായ അസി. എഞ്ചിനിയറിൽ നിന്നോ, കരാറുകാരനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

പദ്ധതി സംബന്ധിച്ച് മറ്റ് അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

14.02.2018-ലെ സ.ഉ(കൈ)22/2001/തസ്വഭവ. ഉത്തരവിലെ ഖണ്ഡിക 6.5.6 പ്രകാരം ജലസേചന പരിപാടികളുടെ ഗുണഭോക്തൃ പ്രദേശം നിർണ്ണയിക്കുന്നതിന് കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. എന്നാൽ, ആയക്കെട്ട് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 29.01.2018-ലെ സ.ഉ(കൈ)11/2018/തസ്വഭവ. ഉത്തരവിലെ ഖണ്ഡിക 7.1(ബി)1 പ്രകാരം ജലസേചന പ്രോജക്ടുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖരസമിതി/കർഷക കൂട്ടായ്മ/ഗുണഭോക്തൃ സമിതി എന്നിവയുടെ ചുമതലയായി പ്രോജക്ടിൽ വ്യവസ്ഥ ചെയ്യണം. എന്നാൽ, മേൽ പ്രകാരം വ്യവസ്ഥ ചെയ്യാതെയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. അധികം നൽകിയ ₹19,893/- കിഴിച്ച് പ്രോജക്ടിനായി ചെലവഴിച്ച ₹14,77,686/- തടസ്സപ്പെടുത്തുന്നു.

1-18 മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വിവിധ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ പദ്ധതികൾക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണം | പദ്ധതി നം.. | പദ്ധതിയുടെ പേര് | അടങ്കൽ ₹ | ചെലവ് ₹ | ബിൽ നം./തീയതി/തുക | ലഭിച്ച മരുന്ന് (₹) | ലഭിക്കാനുള്ള മരുന്ന് (₹) |
|---|---|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി പാമ്പാടുംപാറ | S0090/21 | സെക്കണ്ടറി പാലിയേറ്റീവ് കെയർ - പി.എച്ച്.സി പാമ്പാടുംപാറ | 300000 | 300000 | 2010046308901433972/ 29.03.2021 ₹53,792/- | 0 | 53792 |
| 2 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി പാമ്പാടുംപാറ | S0094/21 | മരുന്ന് വാങ്ങൽ പി.എച്ച്.സി - പാമ്പാടുംപാറ | 200000 | 200000 | 20100463008901390838/ 27.03.2021 ₹2,00,000/- | 0 | 200000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി- രാജാക്കാട് | S0032/21 | സാന്ത്വന പരിചരണം - സി.എച്ച്.സി രാജാക്കാട് | 300000 | 300000 | 2010046300940l387647/ 26.03.2021 ₹ 78025 | 0 | 78025 |
| 4 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി- രാജാക്കാട് | S9940/21 | മരുന്ന് വാങ്ങൽ - സി.എച്ച്.സി - രാജാക്കാട് | 200000 | 200000 | 20100463009400264208/ 17.06.2020 ₹2,00,000/- | 69814 | 130186 |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബ്ലോക്ക് പഞ്ചായത്ത് ഓഫിസ് നവീകരണം - അപാകതകൾ

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാകുന്നതിന് വേണ്ടി അടിയന്തിരമായി പൂർത്തിയാക്കേണ്ടതുകൊണ്ടും ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണ പ്രവൃത്തികൾ പൂർണ്ണമായും മരാമത്ത് പണികൾ അല്ലാത്തതുകൊണ്ടും പ്രസ്തുത നവീകരണ പ്രവൃത്തികൾ ടെണ്ടർ നടപടികൾ കൂടാതെ അക്രെഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ച് പൂർത്തീകരിക്കുന്നതിന് 07.08.2019-ലെ 2(6) നമ്പർ അജണ്ട പ്രകാരം ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്തിരുന്നു. നിർമ്മിതി കേന്ദ്രം മുഖേന 2019-20 & 2020-21 വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് & നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം. | പദ്ധതി അടങ്കൽ | അളവ് ബുക്ക് | പദ്ധതി ചെലവ് | |
|---|---|---|---|---|---|
| | | | | ബിൽ നം./തീയതി | തുക (₹) |
| ബ്ലോക്ക് പഞ്ചായത്ത് നവീകരണം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 161/21 | ₹1900000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 12010 &12011 | 20100463008400829127/ 15.12.2020<br>20100463008400912595/ 08.01.2021 | 556766<br>1342880 |
| ബ്ലോക്ക് പഞ്ചായത്ത് മെയിന്റനൻസ് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 160/21 | ₹1652927/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 12009, 12009A & 12008 | 20100463008400913740/ 08.01.2021 | 1142041 |
| നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ഫർണീഷിംഗ് | 125/21 | ₹1500000/- (വി.ഫ ജനറൽ) | 325/19 | 19100463008401368531/ 28.02.2020 | 1478398 |

| | | | | | |
|---|---|---|---|---|---|
| അസി. എഞ്ചിനീയർ | | | | | |
| ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം അസി. എഞ്ചിനിയർ | 123/21 | ₹1500000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 12004 | 19100463008401368519/ 28.02.2020 | 1483948 |

നിർമ്മിതി കേന്ദ്രം മുഖേന നടപ്പാക്കിയ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണ പ്രവൃത്തികളിൽ കണ്ടെത്തിയിട്ടുള്ള അപാകതകൾ താഴെ കൊടുക്കുന്നു.

1. കരാറുകാരന്റെ ലാഭ വിഹിതം, ഓവർഹെഡ് ചാർജ്ജ് എന്നിവയുൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി

ടെണ്ടർ നടപടികൾ കൂടാതെ അക്രെഡിറ്റഡ് ഏജൻസി വഴി നടപ്പാക്കുന്ന പ്രവൃത്തികളിൽ കരാറുകാരന്റെ ലാഭം ഉൾപ്പെടുത്തുവാൻ പാടില്ലെന്ന് 30.07.2014-ലെ ജി.ഒ(പി)311/74/Fin. പ്രകാരമുള്ള അക്രെഡിറ്റഡ് ഏജൻസി മാർഗ്ഗ രേഖ ഖണ്ഡിക 7-ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാറുകാരന്റെ ലാഭവിഹിതവും ഓവർഹെഡ് ചാർജ്ജും ഉൾപ്പെടുത്തി DSOR 2016 പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടിയിട്ടുള്ളത്. കരാറുകാരന്റെ ലാഭ വിഹിതം ഉൾപ്പെടുത്തിയത് വഴി അധികം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി | കരാറുകാരന്റെ ലാഭ വിഹിതം ഉൾപ്പെടെയുള്ള ആകെ പ്രവൃത്തി മൂല്യം (₹) | കരാറുകാരന്റെ ലാഭ വിഹിതം ഒഴിവാക്കി അനുവദനീയമായ തുക (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് നവീകരണം (161/21) | 1661109 | 1444443 (1661109/1.15) | 216666 |
| ബ്ലോക്ക് പഞ്ചായത്ത് മെയിന്റനൻസ് (160/21) | 1096035 | 953074 (1096035/1.15) | 142961 |
| നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്ത് ഓഫിസ് ഫർണീഷിംഗ്(125/21) | 1292758 | 1124137 (1292758/1.15) | 168621 |
| ബ്ലോക്ക് പഞ്ചായത്ത് ഓഫിസ് നവീകരണം (123/21) | 1297611 | 1128357 | 169254 |
| | | ആകെ | 697502 |

കരാറുകാരന്റെ ലാഭ വിഹിതമിനത്തിൽ അധികം നൽകിയ ₹6,97,502/- നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രത്തിൽ നിന്നോ, ഉത്തരവാദിയായ അസി. എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

2. 12% ജി.എസ്.ടി നഷ്ട പരിഹാര തുക അനുവദിച്ചു

അക്രെഡിറ്റഡ് ഏജൻസികൾ വഴി നടപ്പാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ നിയമ പ്രകാരമുള്ള നികുതികൾ ഉൾപ്പെടുത്താമെങ്കിലും നികുതി തുകകൾ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. നിർമ്മിതി കേന്ദ്രയെ നേരിട്ട് നിർവ്വഹണ ചുമതല ഏൽപിച്ചിരുന്ന നവീകരണ പ്രവൃത്തികൾ പ്രസ്തുത ഏജൻസി പ്രൈവറ്റ് കരാറുകാരൻ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. ജി.എസ്.ടി. നഷ്ട പരിഹാരമിനത്തിൽ വകയിരുത്തിയിട്ടുള്ള തുക സർക്കാരിലേക്ക് ഒടുക്കുന്നതിന് പകരം കരാറുകാരന് നൽകിയിരിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി | ആകെ പ്രവൃത്തി മൂല്യം (₹) | 12% ജി.എസ്.ടി നഷ്ട പരിഹാരമിനത്തിൽ കരാറുകാരന് നൽകിയ തുക | 2%TDS ഇനത്തിൽ കുറവു ചെയ്ത തുക ₹ |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് നവീകരണം (161/21) | 1661109 | ₹199333/- | 33222 |
| ബ്ലോക്ക് പഞ്ചായത്ത് മെയിന്റനൻസ് (160/21) | 1096035 | ₹173164/- ( ഫർണീച്ചറുകൾ വാങ്ങിയ ഇനത്തിലുള്ള ₹317000/- കൂടി ആകെ പ്രവൃത്തി മൂല്യത്തിലുൾപ്പെടുത്തി തുക അനുവദിച്ചു. ₹317000/- കുറവ് ചെയ്ത തുകയാണ് പ്രവൃത്തി മൂല്യമായി കണക്കാക്കിയിരിക്കുന്നത്) | 21921 |
| നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ഫർണീഷിംഗ് (125/21) | 1292758 | 155131 | 25855 |
| ബ്ലോക്ക് പഞ്ചായത്ത് ഓഫിസ് നവീകരണം (123/21) | 1297611 | 155714 | 25952 |
| | ആകെ | 683342 | 106950 |

ജി.എസ്.ടി. നഷ്ട പരിഹാരമിനത്തിൽ കരാറുകാരന് നൽകിയ ₹6,83,342/-യിൽ നിന്ന് ടി.ഡി.എസ്. ഇനത്തിൽ സർക്കാരിലേക്ക് ഒടുക്കിയ ₹1,06,950/- കിഴിച്ച് അവശേഷിക്കുന്ന ₹5,76,392/- സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ₹5,76,392/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. ടെണ്ടർ നടപടികൾ കൂടാതെ നിർമ്മിതി കേന്ദ്രം വഴി ഫർണീച്ചറുകൾ വാങ്ങി

ബ്ലോക്ക് പഞ്ചായത്ത് മെയിന്റനൻസ് (160/21) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ₹3,08,500/-യുടെ ഫർണീച്ചറുകൾ വാങ്ങുന്നതിനുള്ള തുകയും ഉൾപ്പെടുത്തിയിരുന്നു. ടെണ്ടർ നടപടികൾ സ്വീകരിച്ച് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ഫർണീച്ചറുകൾ വാങ്ങേണ്ടതായിരുന്നെങ്കിലും നിർമ്മിതി കേന്ദ്രമാണ് ബ്ലോക്ക് പഞ്ചായത്തിലേക്കാവശ്യമായ ഫർണീച്ചറുകൾ വാങ്ങിയിട്ടുള്ളത്. ടെണ്ടർ/ക്വട്ടേഷൻ നടപടികളൊന്നും സ്വീകരിക്കാതെ നിർമ്മിതി കേന്ദ്ര കട്ടപ്പനയിലുള്ള ജെ. കെ. എക്സ്പോർട്ടേഴ്സ് & ഇംപോർട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ടാണ് ഫർണീച്ചറുകൾ വാങ്ങിയിട്ടുള്ളത്. ഫർണീച്ചറുകൾ വാങ്ങിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫർണീച്ചർ ഇനം | എണ്ണം | തുക (₹) |
|---|---|---|
| Office Chair Bosq Tqn 101 | 13 | 123500 |
| Office Chair Ayt 201 Bosq | 16 | 112000 |

| | | |
|---|---|---|
| Office Chair 6605 | 2 | 48000 |
| Chair Supreme Ladder | 21 | 33600 |
| | ആകെ | 317000 |

സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ ലംഘിച്ച് വാങ്ങൽ നടത്തിയതിനാൽ ₹3,17,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

4. ഫർണീച്ചറുകൾ വാങ്ങിയ ഇനത്തിലുള്ള ചെലവ് കൂടി ആകെ പ്രവൃത്തി മൂല്യത്തിലുൾപ്പെടുത്തി ജി.എസ്.ടി. നഷ്ട പരിഹാര തുക നൽകി

നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് മെയിന്റനൻസ് (പ്രോജക്ട് 160/21) എന്ന പദ്ധതിയുടെ അളവ് പ്രകാരമുള്ള ആകെ പ്രവൃത്തി മൂല്യം ₹14,13,035/-യാണ്. എന്നാൽ ഇതിൽ ₹3,17,000/- ബ്ലോക്ക് പഞ്ചായത്തിലേക്ക് ഫർണീച്ചറുകൾ വാങ്ങിയ ഇനത്തിലുള്ള ചെലവാണ്. പ്രസ്തുത ചെലവ് ഒഴിവാക്കിയുള്ള ആകെ പ്രവൃത്തി മൂല്യം ₹10,96,035/-യാണ്. ₹1,31,524/-യായിരുന്നു (109635x12%)12% ജി.എസ്.ടി നഷ്ട പരിഹാരമായി കണക്കാക്കേണ്ടിയിരുന്നതെങ്കിലും കരാറുകാരന് അനുവദിച്ചിരിക്കുന്നത് ₹1,73,164/-യാണ് (1443035x12%). ജി.എസ്.ടി. നഷ്ട പരിഹാര തുകയായി കരാറുകാരന് അധികം നൽകിയ ₹79,831/- തിരികെ ഈടാക്കേണ്ടതാണ്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.4/17.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല

3-2 നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് ഓഫിസ് നവീകരണം - എസ്റ്റിമേറ്റിനേക്കാൾ അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് പരിഗണിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 75/19, 97/20 & 130/21 |
| പദ്ധതി അടങ്കൽ | ₹20,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| കരാറുകാരൻ | ശ്രീ. ജോസഫ് വർക്കി |
| അളവു ബുക്ക് | 406/18 |
| കരാർ നം. | 45/AEE/18-19/NDKM/5.12.18 |
| ബിൽ നം./തീയതി & തുക | 26/28.5.20, ₹6,45,617/-<br>201004630084004361193/18.08.2020, ₹3,01,456/- |

നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നത് ഏറ്റവും കുറഞ്ഞ തുകയായ ₹18,38,550/- (എസ്റ്റിമേറ്റ് നിരക്കിന്റെ 91.93%) ക്വോട്ട് ചെയ്ത ശ്രീ. ജോസഫ് വർക്കി എന്ന കരാറുകാരനായിരുന്നു. 2018-19 വർഷം അംഗീകാരം ലഭിച്ച പദ്ധതിക്കായി 2018-19 വർഷം ₹8,91,477/-യും 2020-21 വർഷം ₹9,47,073/-യുമുൾപ്പെടെ ആകെ ₹18,38,550/- ചെലവഴിച്ചിട്ടുണ്ട്. ഓരോ പ്രവൃത്തി ഇനങ്ങൾക്കും പ്രത്യേകം നിരക്കുകളാണ് കരാറുകാരൻ ക്വോട്ട് ചെയ്തിരുന്നത്. `Providing&fixing 12mm Thick Frameless Toughened Glass Door Shutter Of Approved Brand And Manufacture Including Providing&fixing Top&bottom Pivot&spring Type Fixing Arrangement` എന്നതായിരുന്നു പ്രവൃത്തി ഇനം 9 ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. 91.10m2 പ്രവൃത്തിക്ക് ₹7,139.11/m2 നിരക്കിൽ ₹6,50,373/-യായിരുന്നു എസ്റ്റിമേറ്റ് പ്രകാരമുള്ള ചെലവ് തുകയായി കണക്കാക്കിയിരുന്നത്. പ്രസ്തുത പ്രവൃത്തിക്ക് കരാറുകാരൻ ക്വോട്ട് ചെയ്തിട്ടുള്ള നിരക്ക് ₹7,018/m2(98.31%) ആണ്. പഞ്ചായത്ത് കമ്മിറ്റിയുടെ 19.12.2019-ലെ 12/4 നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് പുതുക്കുകയും `Providing&fixing 12mm Thick Frameless Toughened Glass Door Shutter Of Approved Brand And

Manufacture Including Providing&fixing Top&bottom Pivot&spring Type Fixing Arrangement` എന്ന പ്രവൃത്തിയുടെ അളവ് 91.10m2-ൽ നിന്നും 165.94m2 ആയി വർദ്ധിപ്പിക്കുകയും അതോടൊപ്പം കരാറുകാരൻ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്ന പ്രവൃത്തി ഇനങ്ങൾ ഒഴിവാക്കുകയും ചെയ്തു. 09.08.2017-ലെ ജി.ഒ.(പി) നമ്പർ 3/2017/പി.ഡബ്ല്യൂ.ഡി. മാർഗ്ഗനിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് അളവിന്റെ 25% അധികമുള്ള പ്രവൃത്തി കൂടി മാത്രമാണ് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിൽ ചെയ്യുവാൻ അനുവാദമുള്ളത്. എസ്റ്റിമേറ്റ് അളവിലും 25%-ലും അധികമായി ചെയ്ത പ്രവൃത്തി എക്സ്ട്രാ ഇനമായി പരിഗണിക്കുകയും ആകെയുള്ള ടെണ്ടർ കിഴിവിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിക്കുകയും ചെയ്യേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തിയിൽ 113.876m2-ന് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കായ ₹7,018/m2 നിരക്കിലും അധികമായി ചെയ്ത 52.064m2-ന് ₹6,563/m2 നിരക്കിലുമാണ് തുക അനുവദിക്കേണ്ടിയിരുന്നത് (എസ്റ്റിമേറ്റ് നിരക്കായ ₹7,139.11 യുടെ 93.91%). എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ മൊത്തം അളവിനും (165.94m2) ₹7,018/m2 നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത്. കരാറുകാരന് അധികമായി നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | അളവ് | നിരക്ക് | തുക(₹) |
|---|---|---|---|
| കരാറുകാരന് അനുവദിക്കാവുന്ന തുക | 113.876m2 | 7018/m2 | 799182 |
| | 52.064m2 | 6563/m2 | 341696 |
| | | ആകെ | 1140878 |
| കരാറുകാരന് നൽകിയ തുക | 165.94m2 | 7018/m2 | 1164567 |

കരാറുകാരന് അധികം നൽകിയ ₹23,689/- (1164567-1140878) ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നോ, കരാറുകാരനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. കരാറുകാരന് അധികം തുക നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.2/16.02.2022) ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3-3 നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് വനിത കാർഷിക വിപണന കേന്ദ്രം - എസ്റ്റിമേറ്റിനേക്കാൾ അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയപ്പോൾ ടെണ്ടർ കിഴിവ് പരിഗണിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 149/21 |
| പദ്ധതി അടങ്കൽ | ₹35,00,000/- (വികസന ഫണ്ട്) |
| കരാറുകാരൻ | ശ്രീ. ബി. ശശിധരൻ നായർ |
| അളവ് ബുക്ക് | 50/20-21 & 385/20-21 |
| കരാർ നം. | 05/T/AEE/LSGD/NDKM/7.2.20 |
| ബിൽ നം./തീയതി & തുക | 20100463008400481450/27.08.2020, ₹15,02,331/-<br>20100463008401385003/26.03.2021, ₹15,38,559/- |

നെടുങ്കണ്ടം ബ്ലോക്ക് വനിത കാർഷിക വിപണന കേന്ദ്രം എന്ന പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നത് ഏറ്റവും കുറഞ്ഞ തുകയായ ₹27,15,080/- (എസ്റ്റിമേറ്റ് തുകയുടെ 86.88%) ക്വോട്ട് ചെയ്ത ശ്രീ. ബി. ശശിധരൻ നായർ എന്ന കരാറുകാരനായിരുന്നു. ഓരോ പ്രവൃത്തി ഇനങ്ങൾക്കും പ്രത്യേകം നിരക്കുകളാണ് കരാറുകാരൻ ക്വോട്ട് ചെയ്തിരുന്നത്. പഞ്ചായത്ത് കമ്മിറ്റിയുടെ 16.09.2020-ലെ 1(2) നമ്പർ തീരുമാന പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ കരാറുകാരൻ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്ന മിക്ക പ്രവൃത്തി ഇനങ്ങൾ ഒഴിവാക്കുകയും കരാറുകാരൻ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്തിരുന്ന പ്രവൃത്തി ഇനങ്ങളുടെ അളവുകളിൽ

ഗണ്യമായ വർദ്ധനവുകൾ വരുത്തുകയും ചെയ്തു. 09.08.2017-ലെ ജി.ഒ.(പി)നം.3/2017/പി.ഡബ്ല്യൂ.ഡി. മാർഗ്ഗനിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് അളവിന്റെ 25% അധികമുള്ള പ്രവൃത്തി കൂടി മാത്രമാണ് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിൽ ചെയ്യുവാൻ അനുവാദമുള്ളത്. എസ്റ്റിമേറ്റ് അളവിലും 25%-ലും അധികമായി ചെയ്ത പ്രവൃത്തി എക്സ്ട്രാ ഇനമായി പരിഗണിക്കുകയും ആകെയുള്ള ടെണ്ടർ കിഴിവിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിക്കുകയും ചെയ്യേണ്ടതാണ് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അധികം ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കുമ്പോൾ ആകെയുള്ള ടെണ്ടർ കുറവിന്റെ (13.12%കുറവ്) അടിസ്ഥാനത്തിനാലാണ് കരാറുകാരന് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ കരാറുകാരൻ ക്വോട്ട് ചെയ്ത തുകയെ അടിസ്ഥാനമാക്കി (എസ്റ്റിമേറ്റ് നിരക്ക്) അധികമായി ചെയ്തതുൾപ്പെടെയുള്ള മുഴുവൻ അളവിനും തുക അനുവദിച്ചിരിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാറുകാരന് അനുവദിച്ച തുക (₹) | | | കരാറുകാരന് നൽകാവുന്ന തുക (₹) | | |
|---|---|---|---|---|---|---|
| | അളവ് | നിരക്ക് | തുക | അളവ് | നിരക്ക് | തുക |
| 4.1.8 Providing&laying In Position Cement Concrete Of Specified Grade (1:4:8) | 18.077m3 | 6659/m3 | 120375 | 11.39m3 | 6659/m3 | 75854 |
| | | | | 6.687m3 | 5786/m3 | 38691 |
| | | | | | ആകെ | 114545 |
| 5.2.2 Reinforced Cement Concrete Work In Walls (1:1.5:3) | 38.965m3 | 10626/m3 | 414042 | 24.936 M3 | 10626/m3 | 264973 |
| | | | | 14.029m3 | 9232/m3 | 129516 |
| | | | 414042 | | ആകെ | 394489 |
| 5.9.6 Centering & Shuttering Including Strutting Etc. And Removal Of Form For Column, Pillars Etc. | 417.369m2 | 695/m2 | 290071 | 308.58m2 | 695/m2 | 214463 |
| | | | | 108.789m2 | 604.45/m2 | 65758 |
| | | | 290071 | | ആകെ | 280221 |
| | ആകെ | | 824488 | | | 789255 |

കരാറുകാരന് ₹35,233/- (824488-789255) അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.1/16.02.2022) നഷ്ടമായി കണക്കാക്കിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാറുകാരന് അധികം നൽകിയ ₹35,233/-യും 12% ജി.എസ്.ടി. നഷ്ട പരിഹാര തുകയായ ₹4,228/-യുമുൾപ്പെടെ ₹39,461/- ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നോ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## 3-4 കരങ്ങുപാറ ചെക്ക് ഡാം - കരാറുകാരന് ആകെ പ്രവൃത്തി മൂല്യത്തേക്കാൾ അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നം. | 121/21 |
| പദ്ധതി അടങ്കൽ | ₹15,00,000/- (വികസന ഫണ്ട്) |
| കരാറുകാരൻ | പ്രൈം കൺസ്ട്രക്ഷൻ & കോൺട്രാക്ടിംഗ് |
| എസ്റ്റിമേറ്റ് തുക | ₹13,39,361/- |
| കരാർ നം. | 26/AEE/LSGD/NDKM/2019-20. Dt. 19.09.2019 |

| | |
|---|---|
| അളവ് ബുക്ക് | 361/19-20 |
| ബിൽ നം./തീയതി & തുക | 19100463008401490354/13.03.2020, ₹14,97,579/- |

കുരങ്ങുപാറ ചെക്ക് ഡാം എന്ന പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നത് ₹13,37,124/- ക്വോട്ട് ചെയ്തിരുന്ന പ്രൈം കൺസ്ട്രക്ഷൻ & കോൺട്രാക്ടിംഗ് എന്ന സ്ഥാപനമായിരുന്നു. അളവ് ബുക്ക് പ്രകാരം നടപ്പാക്കിയ പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തി ഇനം | ചെയ്ത പ്രവൃത്തിയുടെ അളവ് | നിരക്ക് | തുക(₹) |
|---|---|---|---|
| 2.6.1 E/W Excavation | 166.992 M3 | 187.3/m3 | 13514.26 |
| 4.1.3 Providing&laying In Position Cement Concrete | 9.25m3 | 8152.21/m3 | 75407.94 |
| 60.5.2 Dowel Bars | 30 Nos | 373.04/no | 11191.20 |
| 60.7.2 DR Packing Under Foundation | 56.148m3 | 2198.23/m3 | 123426.22 |
| 60.2.2 Bailing Out Water | 170 Hour | 260/hr | 44200 |
| 1.12.5.11 Plain Reinforced Cement Concrete | 113.53m3 | 8220.18/m3 | 933237.04 |
| 2.12.7 Supplying And Fixing And Placing TMT Bars | 0.61 Tonne | 77332.01/t | 47172.53 |
| 5.9.1 Cenering&shuttering | 126.69m2 | 562.11/m2 | 71213.72 |
| | | ആകെ | 1319362.96 |

കരാറുകാരൻ ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം ₹13,19,363/-യാണെങ്കിലും ആകെ പ്രവൃത്തി മൂല്യം എസ്റ്റിമേറ്റ് തുകയായ ₹13,37,124/- ആയി പരിഗണിച്ചാണ് കരാറുകാരന് അന്തിമ ബിൽ തയ്യാറാക്കിയിട്ടുള്ളത്. അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| അന്തിമ ബിൽ പ്രകാരം പിൻ വലിച്ച തുക (₹) | | പദ്ധതി ചെലവിനത്തിൽ പിൻവലിച്ച തുക (₹) | |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 1337124 | ആകെ പ്രവൃത്തി മൂല്യം | 1319363 |
| (+) 12% GST | 160455 | (+)12% GST | 158324 |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | 1497579 | ട്രഷറിയിൽ നിന്നും പിൻവലിക്കാവുന്ന തുക | 1477686 |

പദ്ധതി ചെലവിനത്തിൽ ₹19,893/- അധികം പിൻവലിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(എൻക്വയറി നം.3/16.02.2022) നഷ്ടമായി കണക്കാക്കിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാറുകാരന് അധികം നൽകിയ ₹19,893/- ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നോ കരാറുകാരനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./തീയതി |
|---|---|---|
| 2020-21 | 2020-21 വർഷത്തെ ഓഡിറ്റിനോടൊപ്പം പരിശോധിച്ച | - |

4-2 സംയുക്ത പദ്ധതികൾ

-- ഇല്ല –

4-3 നിക്ഷേപ പ്രവൃത്തികൾ

-- ഇല്ല –

4-4 മൊബിലൈസേഷൻ അഡ്വാൻസ്

-- ഇല്ല –

4-5 വായ്പ/വായ്പ തിരിച്ചടവ്

വായ്പയിനത്തിൽ ബ്ലോക്ക്പഞ്ചായത്തിന് തൻവർഷം വരവില്ല. വായ്പ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തൻവർഷം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

4-6 സ്ഥിര നിക്ഷേപം

-- ഇല്ല --

4-7 ഓഡിറ്റ് റിക്കവറി

-- ഇല്ല --

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 32 | 2000-01 | അവലോകനം | അനർഹർക്ക് ധനസഹായം നൽകി | ലഭ്യമല്ല |
| 1998-99 | 35 | 2000-01 | അവലോകനം | ടിഷ്യൂ കൾച്ചർ യൂണിറ്റിന് 1 ലക്ഷം രൂപ നഷ്ടം | |
| 2000-01 | 20 | 2003-04 | - | വ്യവസായ എസ്റ്റേറ്റിന് വാങ്ങിയ സ്ഥലം സ്കൂൾ പണിയാൻ വിട്ടുനൽകി | |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

-- ഇല്ല --

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| | | | | | | | ടുത്തി യിട്ടുണ്ടോ? (ഉണ്ട്/ ഇല്ല). | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | ഖ.17, 24, 30, 31, 32, 33 | കെ.കെ. കൃഷ്ണൻ | LF 24258/ SC2/ 2000 Dt. 12.04.02 | 89403 | | ഇല്ല | | | | | 89403 | |
| 2 | 1997-98 | 16 | മോളി ജോർജ്ജ് | LF 24258/ SC2/ 2000 Dt.12.04.02 | 2500 | 500, 8/ 12.3.2000 | ഇല്ല | | | | | 2000 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹20147545 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹82414786 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹102562331 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹84466395 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹18095936 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ₹860376 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹2371078 |

(ബി) ബ്ലോക്ക് പഞ്ചായത്തിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | പഞ്ചായത്തിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്ന തുക (₹) | സർചാർജ്ജ് ചെയ്യാവുന്ന തുക (₹) | |
| 3-1-1 | - | 697502 | ₹359627/- ശ്രീ. കെ. പി. വിജയൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |

| | | | |
|---|---|---|---|
| | | | ₹337875/- ശ്രീ. സുഗതൻ പി. ആർ.<br>അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-1-4 | - | 79831 | ശ്രീ. കെ. പി. വിജയൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | - | 23689 | ശ്രീ. സുഗതൻ പി. ആർ.<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | - | 39461 | ശ്രീ. അബ്ദുൾ സമദ് പി. എസ്.<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | - | 19893 | ശ്രീ. സുഗതൻ പി. ആർ.<br>അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗ പേരും |
|---|---|---|
| 1-14-2 | 576392 | ₹317354/- ശ്രീ. കെ. പി. വിജയൻ, അസി. എക്സി. എഞ്ചിനിയർ<br>₹259038/- ശ്രീ. സുഗതൻ പി. ആർ., അസി. എഞ്ചിനിയർ |
| 1-14-3 | 317000 | ശ്രീ. കെ. പി. വിജയൻ, അസി. എക്സി. എഞ്ചിനിയർ |
| 1-17 | 1477686 | ശ്രീ. സുഗതൻ പി. ആർ., അസി. എഞ്ചിനിയർ |

(ഡി) കേന്ദ്ര/സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടത്തിന്റെ വിവരം

-- ഇല്ല --

(ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായ ഖണ്ഡികകൾ

-- ഇല്ല --

(എഫ്) നഷ്ടോത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും

| നഷ്ടോത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക<br>മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. പി. വിജയൻ,<br>അസി. എക്സി. എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ,<br>PIU ഇടുക്കി | കാരാട്ടുകുടിയിൽ (H)<br>മന്നാംകണ്ടം പി. ഒ. അടിമാലി |
| ശ്രീ. സുഗതൻ പി. ആർ.<br>അസി. എഞ്ചിനീയർ | സേവനത്തിൽ നിന്നും വിരമിച്ച | പാലോലിക്കൽ (H)<br>മുരിക്കാശ്ശേരി പി.ഒ.<br>മുരിക്കാശ്ശേരി |
| ശ്രീ. അബ്ദുൾ സമദ് പി. എസ്.<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി.<br>സബ്-ഡിവിഷൻ, നെടുങ്കണ്ടം | പെരുമാംകുടിയിൽ (H)<br>കുളപ്പറച്ചാൽ പി. ഒ.<br>മുരിക്കുംതൊട്ടി, ഇടുക്കി ജില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 1995-96 & 1996-97 | എൽ. എഫ്. ഐ-3/443/98<br>തീയതി. 05.03.1999 | 5 | 11,13,14,15,16 |
| 1997-98 | എൽ .എഫ് .ഐ-3/11/99<br>തീയതി. 05.07.1999 | 13 | 13,15,16,17,24,<br>25,29,30,31,32,<br>33,34,35 |
| 1998-99 | എൽ.എഫ്.ഐ.3/299/<br>2000/06.11.2000 | 14 | 19,20,21,25,26,<br>27,28,30,32,33,<br>34,35,36,38 |
| 1999-2000 | എൽ.എഫ്.ഐ.3/744/2000/<br>20.02.2001 | 18 | 1,10,16,17,<br>18,19,20,<br>21,22,23,24,25,28,<br>29,30,32,35,38 |
| 2000-2001 | എൽ.എഫ്.ഐ.3/742/2002/<br>05.04.2003 | 11 | 1,11,12,13,17,<br>18,19,23,24,25,26 |
| 2001-2002 | എൽ.എഫ്.ഐ.4/231/04/08.09.2004 | 1 | 3-8 |
| 2002-03 | എൽ.എഫ്.ഐ.4/ 26/2005/28.01.2005 | 4 | 3-1,3-2,3-3,4-12 |
| 2003-04 | എൽ.എഫ്.ഐ.4/287/2005/04.07.2005 | 5 | 3-1,3-2,3-3,<br>3-4,3-5 |
| 2004-05 | എൽ.എഫ്.ഐ.4/1033/2006/24.01.2007 | 8 | 2-1,2-2,3-1,3-2,<br>3-3,3-4,3-5,3-6 |
| 2005-06 | എൽ.എഫ്.ഐ.4/514/08/29.08.2008 | 4 | 3-1,3-2,3-3,3-4 |
| 2006-07 | എൽ.എഫ്.ഐ.4/287/2009/01.10.2009 | 9 | 2-1,2-1(എ),2-2,3-1,<br>3-2,3-3,3-4,3-5,3-6 |
| 2007-08 | എൽ.എഫ്.ഐ.4/851/10/29.11.2010 | 5 | 3-1,3-3,3-4,<br>3-5,3-6 |
| 2008-09 | എൽ.എഫ്.ഐ.4/280/11/08.08.2011 | 9 | 2-4,2-5,2-6,<br>2-7,3-1,3-2,<br>3-3,3-4,3-5 |

| | | | |
|---|---|---|---|
| 2009-10& 2010-11 | എൽ.എഫ്.ഐ.4/1385/12/02.08.2013 | 5 | 2-1,3-1,3-2, 3-3,3-5 |
| 2011-12& 2012-13 | എൽ.എഫ്.ഐ.4/393/14/07.06.14 | 8 | 3-1,3-2,3-3,3-4, 3-5,3-6,3-7,3-8 |
| 2013-14& 2014-15 | കെ.എസ്.എ.ഐ.ഡി.കെ.12/1398/2015 തീ. 07.01.2016 | 11 | 2-1,2-2,2-3, 3-1,3-2,3-4,3-5, 3-6,3-7,3-8,3-9 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ. 12/27/2017/തീ. 04.03.2017 | 7 | 2-1,2-2,3-1, 3-2,3-3,3-4,3-5 |
| 2016-17 | നം.കെ.എസ്.എ.ഐ.ഡി.കെ. 12/1506/2017 തീ. 02.11.2017 | 5 | 2-1,2-2,3-1, 3-3(2-6),3-5 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-12/199/2019 തീ.27.03.2019 | 9 | 2-1,2-2,3-1,3-2, 3-3,3-4,3-5,3-6, 3-7 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ-12/849/2019 തീ. 10.12.2019 | 20 | 1-1, 1-2, 1-3, 1-4, 1-5, 1-6, 1-9, 1-11, 1-12, 1-13, 1-14, 1-15,1-16, 1-17, 1-18, 4-5, 4-8, 4-9, 4-10, 4-11 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്